പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇതല്ലാതെ പരമ്പരാഗത വ്യവസായ മേഖലയിൽ മറ്റ് തൊഴിലുറപ്പ് പദ്ധതികൾ ഒന്നുമില്ല.

(സി) കയർ, കൈത്തറി, ഈറ്റ, ഹാന്റിക്രാഫ്റ്റ് എന്നീ മേഖലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 50 കോടി രൂപ മാറ്റിവയ്ക്കും എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടി മേഖലയിലെ സഹകരണ സ്ഥാപനമായ കാപ്പക്സിൽ 2009 വർഷത്തിൽ 214-ഉം 2010-ൽ 14-7-2010 വരെ 148 ദിവസവും തൊഴിൽ നൽകാൻ കഴിഞ്ഞു. കശുവണ്ടി വികസന കോർപ്പറേഷനിൽ 2009-2010 വർഷം 284 ദിവസം ജോലി നൽകിയിട്ടുള്ളതാണ്. ഈ വർഷം കാപ്പക്സ് 270 തൊഴിൽ ദിനങ്ങളെങ്കിലും നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് നടപടി

15 (*435) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്ഥാപനങ്ങളും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(ഡി) ഇത്തരം സംവിധാനം ഏർപ്പെടുത്താതിരിക്കുന്നതും ലക്ഷ്യം കൈവരിക്കാതിരിക്കുന്നതുമായ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഇല്ല. 2002-ൽ ഊർജ്ജ സംരക്ഷണ നിയമം നടപ്പിൽ വന്നതോടുകൂടി നിയമ വ്യവസ്ഥകൾക്കനുസരിച്ച് വ്യവസായ-വാണിജ്യ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ഊർജ്ജ ഓഡിറ്റിംഗ് വഴിയും ഊർജ്ജ കാര്യക്ഷമത ഉപകരണങ്ങളുടെ ഉപയോഗംമൂലവും ഊർജ്ജോപയോഗം കുറയ്ക്കുന്നതിനും വ്യവസായങ്ങളുടെ എനർജി ഇൻഡൻസിറ്റി ദേശീയ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുവാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ മുന്നോട്ടു വച്ചിട്ടില്ല.

നെൽവിത്തുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ നടപടി

16 (*436) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള നെൽവിത്തുകളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; ഇതിനായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ;

(ബി) വിത്തുൽപ്പാദന പരിപാടികൾ നടപ്പാക്കുന്നതിനായി രൂപീകരിച്ച സീഡ് അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) മെച്ചപ്പെട്ട ഇനം നെൽവിത്തുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) ഗുണമേൻമയുള്ള നെൽവിത്തുകളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി നിലവിലുണ്ട്. ഇതിനായി സംസ്ഥാന വിത്തുൽപ്പാദന ഫാമുകളിൽ അടിസ്ഥാന വിത്തുകൾ ഉൽപ്പാദിപ്പിച്ച് രജിസ്റ്റർ ചെയ്ത പാടശേഖരങ്ങൾ, പുരോഗമന കർഷകർ എന്നിവർക്ക് വിത്തുൽപ്പാദനത്തിനായി സൗജന്യമായി നൽകുന്നു. ഈ വിത്ത് അതാത് പാടശേഖരങ്ങളിൽ ശാസ്ത്രീയമായി കൃഷി ചെയ്ത് വിത്തുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാന വിത്തു പരിശോധന ലബോറട്ടറികളിൽ പരിശോധന നടത്തി കർശന ഗുണമേൻമ ഉറപ്പു വരുത്തിയ വിത്ത് വീണ്ടും സീഡ് അതോറിറ്റി സംസ്ക്കരണം നടത്തിയതിനു ശേഷം നെൽവിത്തിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ സംഭരിച്ച്

LIBRARY ARCHIVES Kerala Legislative Assembly